LIBRARY ARCHIVES Kerala Legislative Assembly

ശ്രുതിതരംഗം പദ്ധതിക്കായി ഉപകരണങ്ങൾ

384 (1828) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 25-4-2012 മുതൽ 31-3-2013 വരെ കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കിയ' ശ്രുതിതരംഗം 'പദ്ധതിക്കുവേണ്ടി എത്ര കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങൾ വാങ്ങി എന്നു വ്യക്തമാക്കുമോ ;

(ബി) ഈയിനത്തിൽ എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളത് ;

(സി) പർച്ചേസ് ചട്ടങ്ങൾ പാലിച്ചാണോ പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് ; വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) 25-4-2012 മുതൽ 31-3-2013 വരെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിക്കുവേണ്ടി 200 കോക്ലിയർ ഇംപ്ലാന്റുകൾ വാങ്ങിയിട്ടുണ്ട്.

(ബി) 9,13,04,200 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ കോക്ലിയർ ഇംപ്ലാന്റ് സർജറിയിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ലഭ്യമായ 4 കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതികമായ സ്വീകാര്യത, ഓപ്പറേഷനു മുമ്പുള്ള സാങ്കേതിക സഹായവും മേൽനോട്ടവും ഗുണനിലവാരവും എന്നിവ വിലയിരുത്തി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ കോക്ലിയാർ ഇംപ്ലാന്റുകൾ ശിപാർശ ചെയ്യുവാൻ 22-10-2011-ലെസ.ഉ(ആർറ്റി.)നമ്പർ 3713/2011/ആ.കു.വ. പ്രകാരം ഗവൺമെന്റ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതിക പരിശോധനയും ഈ രംഗത്തെ വിദഗ്ദ്ധരായ ഡോക്ടർമാരിൽ നിന്നുള്ള Feed back-ഉം വിലയിരുത്തിയതിനുശേഷം കമ്മിറ്റി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ ഇംപ്ലാന്റ് അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റേതുമാണെന്ന് ശിപാർശ ചെയ്തതു പ്രകാരം മേൽ കമ്പനികളിൽ നിന്നും സർക്കാർ അനുമതി നൽകിയിട്ടുള്ളത് പ്രകാരമാണ് കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങുന്നത്.